എം.ഐ.റ്റി-2/3398/റ്റി.സി/08

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
തിരുവനന്തപുരം
തീയതി: 14.03.2013

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ, കേരളം
മോട്ടോർ വാഹന വകുപ്പ്

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

സർ,

വിഷയം - മോട്ടോർ വാഹന വകുപ്പ് - ഓഫീസുകൾ തമ്മിലുള്ള വാർത്താ വിനിമയം ഇ- മെയിലിലൂടെ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന - 28.08.2009-ലെ ട്രാൻസ്പൊർട്ട് കമ്മീഷണറുടെ സർക്കുലർ നം. 4/2009

സൂചന പ്രകാരം ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ ഇ-മെയിൽ വഴി അയ്ക്കുവാനും അതിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ എല്ലാ ഓഫീസുകളിലും ഈ സംവിധാനം ലഭ്യമാണെങ്കിലും പലപ്പോഴും ഇത് വേണ്ടത്ര ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. ഇപ്പോഴും സാധാരണ തപാലിലണ് ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ നടക്കുന്നത്. അതിനാൽ ഇനി മുതൽ ഇ-മെയിൽ വഴിയുള്ള കത്തിടപാടുകൾ പ്രോൽസാഹിപ്പിക്കേണ്ടതാണെന്നും സബ് ഓഫീസുകളിൽ ഓഫീസ് മേലാധികാരിയോ അവർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ദിവസവും മൂന്ന് പ്രാവശ്യം (രാവിലേയും, ഉച്ചയ്ക്കും, ഓഫീസ് സമയം കഴിയുന്നതിനു മുമ്പും) ഓഫീസ് ഇ-മെയിൽ പരിശോധിക്കേണ്ടതാണെന്നും അത്യാവശ്യമുള്ള മെയിലുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ ഏൽപ്പിക്കേണ്ടതുമണ്. ഈ നിർദ്ദേശം താങ്കളുടെ കീഴിലുള്ള ഓഫീസുകളിലും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകളും കഴിയുന്നതും സാധാരണ തപാൽ ഒഴിവാക്കി ഇ-മെയിൽ വഴി നടത്തേണ്ടതണ്.

വിശ്വസ്തതയോടെ,
ഒപ്പ്/-
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

പകർപ്പ് — എല്ലാ ആർ.റ്റി. ഓഫീസുകളിലേയ്ക്കും ജോയിന്റ് ആർ.റ്റി. ഓഫീസുകളിലേയ്ക്കും (ഇ-മെയിൽ വഴി)

അംഗീകാരത്തോടെ
14/3/2013
സീനിയർ സൂപ്രണ്ട്
14.03.13